(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശ പ്രകാരം 2004 സെപ്റ്റംബർ മുതൽ പാചകക്കൂലി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് കേന്ദ്രസർക്കാരിന് നൽകിയിരിക്കുകയാണ്. തുക ലഭ്യമാകുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച നിരക്ക് നൽകുന്നതാണ്.

(സി) ആന്റ് (ഡി) പരിഗണനയിലില്ല.

എസ്. എസ്. എ., എസ്. സി. ഇ. ആർ. ടി., സാക്ഷരതാമിഷൻ, ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിലെ നിയമനം

78 [1482] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനിടയിൽ എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി., സാക്ഷരതാമിഷൻ, ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിലോ ഓണറേറിയം വ്യവസ്ഥകളിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത്തരം ജീവനക്കാരുടെ പേരുവിവരവും അവർക്ക് ഏതേത് തസ്തികകളിലേയ്ക്കാണ് നിയമനം നൽകിയതെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഇനത്തിൽ നാളിതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇതിലേയ്ക്ക് ചെലവഴിച്ച തുക:

എസ്. എസ്. എ.—32,63,940 രൂപ

സാക്ഷരതാമിഷൻ—27,99,915 രൂപ

ഓപ്പൺ സ്കൂൾ—1,02,91,176 രൂപ

എസ്. സി. ഇ. ആർ. ടി.—26,78,240 രൂപ

ഹയർസെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്താൻ നടപടി

79 [1483] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ പുതുതായി ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ആകെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly